# ക്രൂശിൽ ചൊരിഞ്ഞ രക്തം

## കൊലൊസ്സ്യർ 1:19, 20

**"അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി."**

ക്രൂശിക്കപ്പെട്ടു കിടക്കുന്ന ക്രിസ്തുവിനെക്കുറിച്ച് നാം ചിന്തിച്ചു നോക്കുകയാണെങ്കിൽ അവിടെ തോൽവി സമ്മതിച്ച് എല്ലാവരാലും കൈവിടപ്പെട്ട ഒരു അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്നാൽ അല്പസമയത്തേക്കുള്ള തോല്വി വലിയ ഒരു വിജയത്തിന്റെ മുന്നോടിയായിരുന്നുവെന്ന് യേശു ഉയർത്തെഴുന്നേറ്റപ്പോൾ ലോകം മനസ്സിലാക്കി. യേശു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് ആദാമിന്റെ പാപത്താൽ ദൈവത്തിൽ നിന്നും അകന്നുപോയ സകല മാനവരാശിയെയും ദൈവത്തിങ്കലേക്ക് അടുപ്പിക്കുക ആയിരുന്നുവല്ലോ.

എന്നാൽ കർത്താവ് ക്രൂശിൽ നിവർത്തിച്ചതിനെ വേണ്ടവണ്ണം മനസ്സിലാക്കാതെ ഇന്നും അനേകർ തങ്ങളുടെ പാപത്തിന്റെ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്നു. തന്നിമിത്തം അവർക്ക് ദൈവത്തോടു നിരപ്പു പ്രാപിക്കുവാൻ കഴിയാതെ ഭാരത്തോടെയായിരുക്കുന്നു വല്ലോ. ഇവിടെയാണ് നമുക്കുള്ള കർത്തവ്യം നാം വെളിപ്പെടുത്തേണ്ടത്. യേശുവിന്റെ രക്തത്താൽ നീതീകരണം പ്രാപിച്ച ഓരോ ദൈവപൈതലും ആ നല്ല രക്ഷകനെക്കുറിച്ച് മറ്റുള്ളവരോടും പറയുവാൻ അഥവാ സാക്ഷിക്കുവാൻ ബാദ്ധ്യസ്ഥരാണ്. നാം അത് ചെയ്യുന്നില്ല എങ്കിൽ അവർ അതെങ്ങനെ മനസ്സിലാക്കും. അങ്ങനെയുള്ള ഒരു വലിയ ആത്മഭാരം നമ്മിൽ ഓരോരുത്തരിലും ഉണ്ടാവട്ടെ.

കർത്താവിനു വരുവാൻപോകുന്ന ക്രൂശുമരണവും അതിനു ശേഷമുള്ള പുനരുത്ഥാനവും എല്ലാം അറിഞ്ഞു കൊണ്ടുതന്നെയാണ് അവിടുന്ന് ഈ വക കഷ്ടപ്പാടുകൾ ഏറ്റെടുക്കുവാൻ തയ്യാറായതെന്ന് നാം കാണുന്നുവല്ലോ. മാനവജാതിയെ മുഴുവനായി മോക്ഷപ്രാപ്തിയിലെത്തിക്കുവാൻ വേണ്ടി പിതാവായ ദൈവം ഇത്ര വലിയ സ്നേഹം നമ്മോടു കാണിച്ചിരിക്കുന്നു. കർത്താവായ യേശു തന്റെ ക്രൂശിൽ കിടന്നു പിടഞ്ഞുകൊണ്ട് 'പിതാവേ നീയെന്നെ കൈവിട്ടതെന്ത്' എന്നു ചോദിക്കുന്ന അവസ്ഥ നാം വായിക്കുന്നുണ്ടല്ലോ. എന്നാൽ ആ സമയത്തും പിതാവ് മൗനം പാലിച്ചതായി കാണുന്നു. എന്നാൽ മൂന്നാം ദിവസം മരണത്തിന്റെ കെട്ടുകളെ പൊട്ടിച്ചെറിഞ്ഞ് പിതാവായ ദൈവം തന്റെ പുത്രനെ ഉയർത്തെഴുന്നേല്പിക്കുവാൻ തക്കവണ്ണം ഇടയായി.

ഒരു ക്രൂശുണ്ടെങ്കിൽ അവിടെ ഒരു വലിയ വിടുതലും ഉണ്ടെന്ന് നമുക്ക് വ്യക്തമാകുന്നു. ഇന്ന് താങ്കൾ അനുഭവിക്കുന്ന ഏതു ക്രൂശിന്റെ അനുഭവവും ദൈവം അനുവദിച്ചിട്ടാകുന്നു സംഭവിച്ചിരിക്കുന്നത്. ഈ വേദനകൾ നമ്മെ തളർത്തുവാനോ തകർക്കുവാനോ അല്ല, പകരം ഒരു വലിയ ഉന്നത പദവിയിലേക്ക്, ദൈവം ആഗ്രഹിക്കുന്ന സ്ഥാനത്തേക്ക് എത്തപ്പെടുവാനുള്ള ഒരു ചവിട്ടുപടിയാണിത്.

**1 John1:7** – കർത്താവായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ഇന്നു താങ്കൾ ഏതെങ്കിലും പൈശാചിക ബന്ധനത്തിലാണെങ്കിൽ യേശുവിന്റെ രക്തത്തിന്റെ ചുവട്ടിലേക്ക് കടന്നുവന്ന് വിടുതൽ പ്രാപിക്കുവാൻ തീർച്ചയായും സാധിക്കുന്നതാണ്. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :
1 പത്രൊസ് 1:18–19.

'വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ.'

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 030